**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** | **26-07-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം രാജഗോപാലൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നൽകണമെന്ന കേരള സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പാക്കിയില്ലെങ്കിൽ പ്രത്യാഘാതം നേരിടേണ്ടി വരുമെന്ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് സുപ്രീംകോടതി താക്കീത് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇങ്ങനെ ഒരു പരാമർശം ഉത്തരവിലില്ല. |
| (ബി) | എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ഭരണകാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഇടപെടാൻ അവകാശമില്ലെന്ന ഹർജിക്കാരുടെ വാദം സുപ്രീംകോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ; | (ബി) | സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയം ഉൾപ്പെട്ടതായി കാണുന്നില്ല. |
| (സി) | സർക്കാർ ശമ്പളം നൽകുന്ന സാഹചര്യത്തിൽ സർക്കാർ നയം അംഗീകരിക്കുവാൻ എയ്ഡഡ് മാനേജ്മെന്റുകൾക്ക് ഉത്തരവാദിത്തം ഉണ്ടെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; | (സി) | സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയം ഉൾപ്പെട്ടതായി കാണുന്നില്ല. |
| (ഡി) | സർക്കാർ നയങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് നിർത്തലാക്കണമെന്ന് ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അദ്ധ്യക്ഷനായ ബഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയം ഉൾപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ / സ്വകാര്യസ്ഥാപനങ്ങൾ എന്ന വ്യത്യാസം കൂടാതെ സർക്കാർ ധനസഹായം പറ്റുന്ന സ്ഥാപനങ്ങൾക്കെല്ലാം 2016 ലെ ഭിന്നശേഷി അവകാശ നിയമം ബാധകമാണ് എന്ന് നിരീക്ഷിച്ചിട്ടുണ്ട്. |
| (ഇ) | ഇത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) | 18/11/18 ലെ സ.ഉ(പി)നം.18/2018/സാ.നി.വ നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ സംവരണം അനുവദിച്ച |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ടി ഉത്തരവിന് അനുസൃതമായി കെ.ഇ.ആക്ട് വകുപ്പ് 11 ലും കെ.ഇ.ആർ അധ്യായം XIV എ റൂൾ 1 ലും ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ